(ബി)

2006-07	2704.83 ലക്ഷം രൂപ
2007-08	3994.27 " "
2008-09	4785.86 " "
2009-10	3031.70 " "
2010-11	4428.30 " "
ആകെ -	18944.96 ലക്ഷം "

വ്യവസായ വകുപ്പിലെ പ്രൊമോഷൻ

221 (566) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും സീനിയോറിറ്റി അവഗണിച്ചും പ്രമോഷൻ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിശോധിച്ച് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച്

222 (567) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാഷ്യൂ ബോർഡ് അനുവദിക്കുന്നതിനുവേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ ദീർഘകാലത്തെ ആവശ്യമായ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ടും കശുവണ്ടി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും സംരക്ഷണത്തിനും കാഷ്യൂ ബോർഡ് രൂപീകരണം അത്യന്താപേക്ഷിതമാണെന്ന് ചൂണ്ടിക്കാട്ടിയും ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനും കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്കും കത്തയച്ചിരുന്നു.

(ബി&സി) കേന്ദ്ര കൃഷിമന്ത്രാലയത്തിന് കീഴിലുള്ള വിവിധ ഏജൻസികൾ കശുമാവ് കൃഷിയുടെ കാര്യത്തിൽ അർത്ഥപൂർണ്ണമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും ആ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ ഡെവലപ്പ്മെന്റിനെ മറ്റൊരു ഏജൻസിയുമായും ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കശുവണ്ടി വ്യവസായ മേഖലയ്ക്ക് തന്നെ കാഷ്യൂ ബോർഡിനോട് അനുഭാവപൂർണ്ണമായ സമീപനമല്ല ഉള്ളതെന്നും ആയതിനാൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം സ്വീകരിക്കുവാൻ കഴിയില്ല എന്ന് കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി 25-2-2015 തീയതിയിലെ കത്തുമുഖാന്തരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങൾ

223 (568) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു അറിയിക്കാമോ ; അവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം ലാഭത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും ഇപ്പോഴും ലാഭകരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു വിശദമാക്കുമോ ; ഇവയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly